Answer 2

1. രണ്ടു നദികൾ സമ്മേളിച്ചു കുറച്ചുകൂടി തടിച്ച ഒരു നദിയായി ഒഴുകുന്നതുപോലെ രണ്ട് ഒന്നുകൾ ഒരുമിച്ചു ചേരുമ്പോൾ കുറച്ചുകൂടി വണ്ണംവെച്ച ഒരു വലിയ 'ഒന്ന്' ആയിത്തീരുന്നു. ഇതായിരുന്നു ഒന്നും ഒന്നും ഉമ്മിണി വല്യ ഒന്ന് എന്ന ഉത്തരത്തിലേക്ക് മജീദിനെ നയിച്ച ചിന്ത.

Q.2. *തെറ്റുപറ്റിയാൽ ചുട്ട അടി നല്കുന്ന അധ്യാപകനും മറ്റൊരാളിന്റെ ബുക്കുനോക്കി ഉത്തരം പകർത്തുന്ന വിദ്യാർത്ഥിയും ഒരു നല്ല സമൂഹത്തിന് യോജിച്ചവരാണോ? നിങ്ങളുടെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.*

A: അല്ല. പഠനത്തിന്റെ രീതിയും അദ്ധ്യാപനത്തിന്റെ രീതിയും ഗുരുശിഷ്യ സങ്കല്പവും മാറിപ്പോയിരിക്കുന്നു. കുട്ടികളെ കഠിനമായി ഉപദ്രവിച്ച് പാഠങ്ങൾ പഠിപ്പിക്കേണ്ട സാഹചര്യം ഇന്നു നിലവിലില്ല. അതുപോലെ ഒരു കുട്ടിയുടെ പിഴവുകൊണ്ടുമാത്രം ഒരു അദ്ധ്യാപകനു ജോലി നഷ്ടപ്പെടുകയോ മികവുകൊണ്ട് ഉദ്യോഗക്കയറ്റമോ ഉണ്ടാകുന്ന സാഹചര്യം ഇന്നില്ല. അടുത്തിരിക്കുന്ന കുട്ടിയുടെ നോക്കി എഴുതാൻ മറ്റൊരു കുട്ടിയെ പ്രേരിപ്പിക്കുന്നത് പുതിയ സമൂഹത്തിനു യോജിക്കുന്നതല്ല.